# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് നാല്

## രാജാവിന്റെ പൂർവികരും പദവിയും

### (4)

Tue മത്തായിയുടെ സുവിശേഷമനുസരിച്ച് നാം ഇനി ക്രിസ്തുവിന്റെ വംശാവലിയുടെ അവസാന ഭാഗത്തേക്കു വരുന്നു. ഈ ഭാഗം പാലോ മാംസമോ അല്ല, എല്ലുകളാണെന്ന് കഴിഞ്ഞ ദൂതിൽ ഞാൻ പറഞ്ഞിരുന്നു. ഈ ദൂതിലെ എല്ലാ പോയിന്റുകളും എല്ലുകളെ തുളച്ചുചെല്ലവാനും അതിനുള്ളിൽ എന്താണെന്ന് കാണുവാനും നമ്മെ സഹായിക്കും.

### R. ദാവീദ് രാജാവ് ശലോമോനെ ജനപ്പിച്ചു

മത്തായി 1:6 പറയുന്നു, "ദാവീദ് ശലോമോനെ ജനിപ്പിച്ചു." ഈ വാക്യാംശത്തെ "നാഥാൻ ദാവീദിന്റെ മകൻ" (ലൂക്കൊ. 3:31) എന്നു പറയുന്ന രേഖയുമായി താരതമ്യം ചെയ്യുക. നാഥാനും ദാവീദിന്റെ മകനായിരുന്നു. മത്തായിയിലെ വംശാവലി പറയുന്നത് ദാവീദിന്റെ മകൻ ശലോമോൻ ആണെന്നും ലൂക്കൊസ് പറയുന്നത് ദാവീദിന്റെ മകൻ നാഥാൻ ആകുന്നു എന്നുമാണ്. 1 ദിനവൃത്താന്തം 3:1-ഉം 5-ഉം നാം വായിച്ചാൽ ഇവർ രണ്ടു വ്യത്യസ്ത വ്യക്തികളാണെന്ന് നാം കാണുന്നു. ലൂക്കൊസിന്റെ വിവരണം മറിയയുടെ പൂർവപിതാവായിരുന്ന നാഥാൻ എന്ന ദാവീദിന്റെ മകന്റെ വംശാവലിയും, എന്നാൽ മത്തായിയുടെ വിവരണം യോസേഫിന്റെ പൂർവപിതാവായിരുന്ന ശലോമോൻ എന്ന ദാവീദിന്റെ മകന്റെ വംശാവലിയുമാണ്. ഒരു വംശാലി മറിയ എന്ന ഭാര്യയുടെ രേഖയും, മറ്റേ വംശാവലി യോസേഫ് എന്ന ഭർത്താവിന്റെ രേഖയും ആണ്. മറിയയും യോസേഫും ദാവീദിന്റെ പിൻതലമുറക്കാരായിരുന്നെങ്കിലും അവർ ഒരേ മുത്തച്ഛനിൽനിന്നും വന്ന രണ്ടു കുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു. ഒരു കുടുംബം ശലോമോന്റെ കുടുംബവും, മറ്റേത് നാഥാന്റെ കുടുംബവുമാണ്. ദൈവത്തിന്റെ സർവാധികാരത്തിൻകീഴിൽ ഈ രണ്ടു കുടുംബങ്ങളുടെ പിൻതലമുറക്കാരായ മറിയയും യോസേഫും

വിവാഹനിശ്ചയം ചെയ്യപ്പെടുകയും ക്രിസ്തുവിനെ ഉളവാക്കുകയും ചെയ്തു. ശലോമോൻ, നാഥാൻ എന്നീ രണ്ടുപേരുകളിലൂടെയും ദാവീദിന്റെ സന്തതിയായി ക്രിസ്തുവിനെ എണ്ണാവുന്നതാണ്. ഇതു മൂലമാണ് ക്രിസ്തുവിന് രണ്ടു വംശാവലികൾ ഉള്ളത്.

ക്രിസ്തുവുമായുള്ള ശലോമോന്റെ ബന്ധം നേരിട്ടുള്ളതല്ല. കൃത്യമായി പറഞ്ഞാൽ, ശലോമോൻ ക്രിസ്തുവിന്റെ നേരിട്ടുള്ള ഒരു പൂർവപിതാവായിരുന്നില്ല. ക്രിസ്തുവുമായുള്ള അവന്റെ ബന്ധം പരോക്ഷമായിരുന്നു, അതായത്, അവന്റെ പിൻതലമുറക്കാരനായ യോസേഫിന്റെ മറിയയുമായുള്ള വിവാഹത്തിലൂടെയായിരുന്നു: അവളിൽനിന്നും ക്രിസ്തു ജനിച്ചു (മത്താ. 1:16).

ക്രിസ്തു ശലോമോന്റെ സന്തതിയായിരിക്കുമെന്ന് പഴയനിയമം പറഞ്ഞിട്ടില്ല, എന്നാൽ ക്രിസ്തു ദാവീദിന്റെ സന്തതിയായിരിക്കുമെന്ന് അത് ആവർത്തിച്ചു പ്രവചിച്ചു (2 ശമൂ. 7:13-14, 16; യിരെ. 23:5). ക്രിസ്തു ശലോമോന്റെ നേരിട്ടുള്ള ഒരു സന്തതി ആയിരുന്നില്ലെങ്കിലും, ക്രിസ്തുവിനെ സംബന്ധിച്ച പഴയനിയമ പ്രവചനങ്ങൾ തീർച്ചയായും നിറവേറി.

## S. രെഹബ്യാം

ശലോമോന്റെ മകനായ രെഹബ്യാമിലേക്ക് നാം മുന്നോട്ടുപോകുന്നു (വാ. 7) രെഹബ്യാമിനോടുകൂടെ ദാവീദിന്റെ രാജത്വം വിഭജിക്കപ്പെട്ടു (1 രാജാ. 11:9-12; 12:1-17). പന്ത്രണ്ടു ഗോത്രങ്ങളിൽനിന്നും ഒരു ഗോത്രം ദാവീദിനുവേണ്ടി, അതായത് ക്രിസ്തുവിനുവേണ്ടി സൂക്ഷിക്കപ്പെട്ടു (1 രാജാ. 11:13). ക്രിസ്തു ദാവീദിന്റെ സിംഹാസനത്തിന്റെ അവകാശിയായി ജനിക്കാനുള്ളവ നായിരുന്നതുകൊണ്ട് ദാവീദിന്റെ ഭവനത്തിനു സ്വന്തമായ രാജ്യം ക്രിസ്തുവിന് വേണമായിരുന്നു. മുഴുവൻ രാജ്യവും ക്ഷയിച്ചുപോയി രുന്നെങ്കിൽ, ദാവീദിന്റെ രാജകീയ അവകാശിയായി ജനിക്കുവാൻ ക്രിസ്തുവിനെ അനുവദിക്കുന്ന യാതൊന്നും ശേഷിക്കുമായി രുന്നില്ല. അങ്ങനെ, ദാവീദിനുവേണ്ടി ദൈവം ഗോത്രങ്ങളിൽ ഒന്നിനെ കാത്തുസൂക്ഷിച്ചു. പ്രത്യക്ഷത്തിൽ അത് ദാവീദിനുവേണ്ടി സൂക്ഷിക്കപ്പെട്ടതായിരുന്നു: എന്നാൽ വാസ്തവത്തിൽ അത് ക്രിസ്തുവിനുവേണ്ടി സൂക്ഷിക്കപ്പെട്ടതായിരുന്നു.

ഈ വിഭജനത്തിനുശേഷം ദാവീദിന്റെ രാജ്യം രണ്ടു ഭാഗങ്ങളിലായിരുന്നു: യിസ്രായേൽ രാജ്യം എന്നു വിളിക്കപ്പെട്ട വടക്കേ ഭാഗവും, യെഹൂദായുടെ രാജ്യം എന്നു വിളിക്കപ്പെട്ട തെക്കേ ഭാഗവും. യിസ്രായേലിന്റെ പത്തു ഗോത്രങ്ങൾ ചേർന്നു ള്ളതായതുകൊണ്ട്, വടക്കേ ഭാഗം ഒരു സാർവത്രിക നാമമായ യിസ്രായേൽ രാജ്യം എന്നു വിളിക്കപ്പെട്ടിരുന്നു: യെഹൂദാ, ബെന്യാമീൻ എന്നീ രണ്ടു ഗോത്രങ്ങൾ ചേർന്നുള്ളതായതു കൊണ്ട് തെക്കേ ഭാഗം ഒരു പ്രാദേശിക നാമമായ യെഹൂദാ

രാജ്യം എന്നു വിളിക്കപ്പെട്ടു. നിങ്ങളെ സംബന്ധിച്ചിടത്തോളം, ഏതു പേരിനാണ് മേന്മയേറിയ അർഥമുള്ളത്—യിസ്രായേൽ രാജ്യത്തിനാണോ, അതോ യെഹൂദാ രാജ്യത്തിനാണോ? ഞാൻ തീർച്ചയായും യിസ്രായേൽ രാജ്യത്തിന് അനുകൂലമായിരിക്കും, കാരണം അത് സാർവത്രികമായ ഒന്ന്, ഭൂരിഭാഗത്തിനുവേണ്ടിയുള്ള ഒന്നാണ്. യെഹൂദാ വളരെ പ്രാദേശികം, വളരെ ഇടുങ്ങിയതായതുകൊണ്ട് ഞാൻ ഒരിക്കലും യെഹൂദായ്ക്ക് അനുകൂലമല്ല. എങ്കിലും, യിസ്രായേൽ രാജ്യം യെഹൂദായുടേതിനെക്കാൾ സാർവത്രികമാണെങ്കിലും, ക്രിസ്തുവിന്റെ വംശാവലിയിൽ യിസ്രായേൽ രാജാക്കന്മാരിൽ ഒരു പേരുപോലും ഉൾപ്പെടുത്തിയിട്ടില്ല. അവർ സാർവത്രികരായിരുന്നെങ്കിലും, അവർ ക്രിസ്തുവിന്റെ വംശാവലിയിൽനിന്നും ഒഴിവാക്കപ്പെട്ടു. അവർക്ക് ക്രിസ്തുവുമായി ബന്ധമില്ലാതിരുന്നതുകൊണ്ട് അവർ ഒഴിവാക്കപ്പെട്ടു.

പഴയനിയമത്തിലെ മറ്റെല്ലാ വിഷയങ്ങളെയുംപോലെ ഈ ചിത്രം നമ്മുടെ പഠനത്തിനുവേണ്ടി എഴുതപ്പെട്ടിരുന്നു; ഇത് പുതിയനിയമ യുഗത്തിലെ സംഭവങ്ങളുടെ ഒരു മുൻകുറിയാണ്. ഇതേ കാര്യം നാം ഇന്നു കാണുന്നു. തത്ത്വത്തിൽ, ആരംഭത്തിൽ സഭ ഒന്നായിരുന്നു. എന്നാൽ ഒരു കാലയളവിനുശേഷം, രണ്ടു ഭാഗമായിട്ടല്ല, ഒരുപക്ഷേ രണ്ടായിരത്തിലധികം ഭാഗങ്ങളായി സഭ വിഭജിക്കപ്പെട്ടു. "യിസ്രായേൽ രാജ്യത്തിലുള്ളവർ അപ്പോഴും ദൈവജനമായിരുന്നില്ലേ?" എന്ന് ചിലർ പറഞ്ഞേക്കാം. തീർച്ചയായും അവർ ആയിരുന്നു. അവർ ദൈവജനമായിരുന്നെങ്കിലും, അവർ ക്രിസ്തുവിന്റെ രേഖയ്ക്കു വെളിയിലുള്ളവരായിരുന്നു. എന്താണ് ഇത് അർഥമാക്കുന്നത്? ക്രിസ്തുവിന്റെ രേഖയ്ക്ക് വെളിയിലായിരിക്കുന്നത് അർഥമാക്കുന്നത് നിങ്ങൾ ദൈവത്തിന്റെ ജനമാണെങ്കിലും, നാം ക്രിസ്തുവിനുവേണ്ടിയുള്ളവരല്ല എന്നാണ്. നിങ്ങൾ ക്രിസ്തു അല്ലാത്ത മറ്റെന്തിനോ വേണ്ടിയുള്ളവരാണ്. ഇന്നത്തെ സാഹചര്യം നോക്കുക. നാം എല്ലാവരും യഥാർഥ ക്രിസ്ത്യാനികളും, നാം എല്ലാവരും ദൈവത്തിന്റെ ജനവും ആണ്. എന്നാൽ നാം തികച്ചും, നിർമലമായും, പൂർണമായും, ആത്യന്തികമായും ക്രിസ്തുവിനു വേണ്ടിയുള്ളവരാണോ, അതോ നാം മറ്റെന്തിനെങ്കിലും വേണ്ടിയുള്ളവരാണോ? നിങ്ങൾ ക്രിസ്തു അല്ലാത്ത മറ്റെന്തിനെങ്കിലും വേണ്ടിയുള്ളവരാണെങ്കിൽ, നിങ്ങൾ ക്രിസ്തുവിന്റെ രേഖയ്ക്കു വെളിയിലാണ്. ഇക്കാരണത്താൽ, വലുതും കൂടുതൽ സാർവത്രികവുമായ രാജ്യമായ വടക്കേ രാജ്യത്തിലെ രാജാക്കന്മാരിലാരെയും ക്രിസ്തുവിന്റെ വംശാവലിയിൽ ഉൾപ്പെടുത്തിയില്ല.

## T. യോരാം ഉസ്സീയാവെ ജനിപ്പിച്ചു

വാക്യം 8 പറയുന്നു, "യോരാം ഉസ്സീയാവെ ജനിപ്പിച്ചു." ഈ

രേഖയെ 1 ദിനവൃത്താന്തം 3:11, 12 എന്നീ വാക്യങ്ങളുമായി താരതമ്യം ചെയ്യുക, അവിടെ പറയുന്നു, "അവന്റെ മകൻ യോരാം, അവന്റെ മകൻ അഹസ്യാവ്, അവന്റെ മകൻ യോവാശ്, അവന്റെ മകൻ അമസ്യാവ്, അവന്റെ മകൻ അസ്സര്യാവ്" (ഇവൻ ഓസ്സ്യയോ ഉസ്സിയാവോ ആണ്—2 രാജാ. 15:1, 13). 1 ദിനവൃത്താന്തത്തിൽ കാണുന്ന അഹസ്യാവ്, യോവാശ്, അമസ്യാവ് എന്നീ മൂന്നു തലമുറകളെ മത്തായി ഒഴിവാക്കി.

ഇത് തന്റെ പിൻതലമുറക്കാരെ മലിനമാക്കിയ ആഹാബിന്റെയും ഈസബലിന്റെയും മകളെ യോരാം വിവാഹം കഴിച്ചതുകൊണ്ടായിരിക്കാം (2 ദിന. 21:5-6; 22:1-4). ആഹാബ് വടക്കേ രാജ്യത്തിന്റെ രാജാവായിരുന്നു; അവന്റെ ഭാര്യയായ ഈസബേൽ പൂർണ്ണമായി വിഗ്രഹങ്ങളോടു ബന്ധമുള്ള ഒരു ദുഷ്ട സ്ത്രീ ആയിരുന്നു. അവൾ പിശാചുമയി ഒന്നായിരുന്നതുകൊണ്ട് അവളുടെ ഭർത്താവിനെ അവൾ ദുഷിപ്പിച്ചു. അവർ ഒരു മകളെ പ്രസവിക്കുകയും, യെഹൂദാ രാജാക്കന്മാരിൽ ഒരുവനായ യോരാം അവളെ വിവാഹം കഴിക്കുകയും ചെയ്തു. വിഗ്രഹങ്ങളെ ആരാധിക്കുവാൻ, വിഗ്രഹങ്ങളുമായി ഒന്നായിരിക്കുവാൻ, ഈ സ്ത്രീ യോരാമിനെ പഠിപ്പിച്ചു. അങ്ങനെ അവരുടെ കുടുംബം മലിനപ്പെട്ടു. പുറപ്പാട് 20:5 അനുസരിച്ച് യോരാമിന്റെ പിൻതലമുറക്കാരുടെ മൂന്നു തലമുറകൾ ക്രിസ്തുവിന്റെ തലമുറയിൽനിന്നും ഛേദിക്കപ്പെട്ടു. ദൈവത്തെ ഉപേക്ഷിക്കുകയും വിഗ്രഹങ്ങളെ ആരാധിക്കുകയും ചെയ്യുന്നവൻ അവനെത്തന്നെ മലിനപ്പെടുത്തുകയും മൂന്നോ നാലോ തലമുറകൾവരെ ദൈവത്തിന്റെ ശാപം അനുഭവിക്കുകയും ചെയ്യുമെന്ന് പുറപ്പാട് 20:5 പറയുന്നു. അതുകൊണ്ട്, യോരാംരാജാവിന്റെ മൂന്നു തലമുറകൾ ക്രിസ്തുവിന്റെ തലമുറയിൽനിന്നും ഛേദിക്കപ്പെട്ടു. ഇവിടെ നാം ഒരു പാഠം പഠിക്കണം. നാം ക്രിസ്തുവിനോട് ബന്ധമുള്ളവരായിരിക്കണമെങ്കിൽ, വിഗ്രഹങ്ങളുമായി ബന്ധപ്പെട്ട യാതൊന്നുമായി നാം ഉൾപ്പെട്ടിരിക്കരുത്. ദൈവം സ്പർധയുള്ള ദൈവമാണ്, അവൻ വിഗ്രഹാരാധന ഒരിക്കലും സഹിക്കുകയില്ല.

## U. യോശിയാവ് യെഖൊന്യാവെ ജനിപ്പിച്ചു

വാക്യം 11 പറയുന്നു, "യോശിയാവ് യെഖൊന്യാവെ ജനിപ്പിച്ചു." ഈ രേഖയെ "യോശിയാവിന്റെ പുത്രന്മാർ... രണ്ടാമൻ യെഹോയാക്കീം... യെഹോയാക്കീമിന്റെ പുത്രന്മാർ: അവന്റെ മകൻ യെഖൊന്യാവ്"(1 ദിന. 3:15-16) എന്നെഴുതിയിരിക്കുന്നതുമായി താരതമ്യം ചെയ്യുക. യെഹോയാക്കീം എന്ന ഒരുതലമുറ ക്രിസ്തുവിന്റെ തലമുറയിൽനിന്നും ഒഴിവാക്കപ്പെട്ടു. ഇത് അവൻ മിസ്രയീമിലെ ഫറവോനാൽ രാജാവാക്കപ്പെട്ടതുകൊണ്ടും ഫറവോനുവേണ്ടി ചുങ്കം പിരിച്ചതുകൊണ്ടുമായിരിക്കണം (2 രാജാ. 23:34-35). അവൻ മിസ്രയീമുമായി വളരെ

അടുത്ത് ബന്ധപ്പെട്ടിരുന്നതുകൊണ്ട് അവൻ ക്രിസ്തുവിന്റെ വംശാവലിയിൽനിന്നും ഒഴിവാക്കപ്പെട്ടു. മിസ്രയീം ലോകത്തെ പ്രതിനിധീകരിക്കുന്നു. ഈ രണ്ടു രേഖകളിൽനിന്നും നാം കാണുന്നത്, വിഗ്രഹങ്ങളുമായി ബന്ധപ്പെടുകയോ, ലോകവുമായി സഹവർത്തിക്കുകയോ ചെയ്യുന്നവർ ക്രിസ്തുവിന്റെ തലമുറയിൽനിന്നും ഒഴിവാക്കപ്പെടും എന്നാണ്.

## V. ബാബിലോണിലേക്കുള്ള ബദ്ധന്മാർ

ബാബിലോണിലേക്ക് ബദ്ധരായി പിടിച്ചുകൊണ്ടുപോകപ്പെട്ടവർ (വാ. 11-12) അവരുടെ പിൻതലമുറക്കാരനായ യോസേഫിന്റെ മറിയയുമായുള്ള വിവാഹത്തിലൂടെ ക്രിസ്തുവുമായി പരോക്ഷമായി ബന്ധപ്പെട്ടിരുന്നു. ഈ ബദ്ധന്മാരെപ്പോലും ക്രിസ്തുവിന്റെ വംശാവലിയുടെ വിശുദ്ധരേഖയിൽ ഉൾപ്പെടുത്തി, കാരണം യേശുവിന്റെ അമ്മയായ മറിയയുമായി അവർക്ക് പരോക്ഷമായ ഒരു ബന്ധം ഉണ്ടായിരുന്നു.

## W. യെഖൊന്യാവ്

ഈ വംശാവലിയിൽ യെഖൊന്യാവിനെ ഒരു രാജാവായി എണ്ണിയില്ല, കാരണം അവൻ നാടുകടത്തലിന്റെ കാലത്ത് ജനിക്കുകയും ഒരു ബദ്ധനായി പിടിച്ചുകൊണ്ടുപോകപ്പെടുകയും ചെയ്തു (2 ദിന. 36:9-10-ലെ യെഹോയാഖീൻ യെഖൊന്യാവാണ്). യിരെമ്യാവ് 22:28-30-ലെ പ്രവചനമനുസരിച്ച് യെഖൊന്യാവിന്റെ പിൻതലമുറക്കാരിൽ ആരും ദാവീദിന്റെ സിംഹാസനം അവകാശമാക്കുകയില്ല. അവന്റെ സകല പിന്തുടർച്ചക്കാരും ദാവീദിന്റെ സിംഹാസനത്തിൽനിന്നും ഛേദിക്കപ്പെട്ടിരുന്നു. ക്രിസ്തു യെഖൊന്യാവിന്റെ നേരിട്ടുള്ള ഒരു പിന്തുടർച്ചക്കാരനായിരുന്നുവെങ്കിൽ, അവന് ദാവീദിന്റെ സിംഹാസനത്തിന് അർഹത ഉണ്ടാകുമായിരുന്നില്ല. യെഖൊന്യാവിന്റെ എല്ലാ പിന്തുടർച്ചക്കാരും ദാവീദിന്റെ സിംഹാസനത്തിൽനിന്നും ഒഴിവാക്കപ്പെടുമെന്ന് യെരെമ്യാവ് 22:28-30 പറയുന്നുവെങ്കിലും, അടുത്ത അധ്യായത്തിലെ വാക്യം 5 പറയുന്നത്, ദാവീദിന് ഒരു മുളയെ, വാഴുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുന്ന ഒരു രാജാവിനെ, ദൈവം എഴുന്നേല്പിക്കും എന്നാണ്. ഈ മുള ക്രിസ്തു ആണ്. ക്രിസ്തു യെഖൊന്യാവിന്റെ നേരിട്ടുള്ള ഒരു സന്തതിയല്ലെങ്കിലും, ദാവീദിന്റെ സന്തതിയായിരിക്കുമെന്നും, ദാവീദിന്റെ സിംഹാസനം അവകാശമാക്കുമെന്നും ഈ പ്രവചനം ഉറപ്പുതരുന്നു.

## X. യെഖൊന്യാവ് ശെയൽതീയേലിനെയും ശെയൽതീയേൽ സെരുബ്ബാബേലിനെയും ജനിപ്പിച്ചു

വാക്യം 12 പറയുന്നു, "യെഖൊന്യാവ് ശെയൽതീയേലിനെ

ജനിപ്പിച്ചു, ശെയൽതീയേൽ സെരുബ്ബാബാലിനെ ജനിപ്പിച്ചു." ഈ രേഖയെ 1 ദിനവൃത്താന്തം 3:17-19-ലെ "യെഖൊന്യാവിന്റെ പുത്രന്മാർ... ശെയൽതീയേൽ... പെദായാവ്... പെദായാവിന്റെ മക്കൾ സെരുബ്ബാബേൽ..." എന്നു പറയുന്ന ഭാഗവുമായി താരതമ്യം ചെയ്യുക. ഇതു കാണിക്കുന്നത് സെരുബ്ബാബേൽ ശെയൽതീയേലിന്റെ സഹോദരനായ പെദായാവിന്റെ മകനായിരുന്നു എന്നാണ്. സെരുബ്ബാബേൽ ശെയൽതീയേലിന്റെ മകനായിരുന്നില്ല, അവൻ തന്റെ അവകാശിയായിത്തീർന്ന അവന്റ അനന്തരവനായിരുന്നു. ഒരുപക്ഷേ ഇത് ആവർത്തനം 25:5-ഉം 6-ഉം അനുസരിച്ചുള്ള ഒരു സംഭവമായിരുന്നിരിക്കണം: അതു പറയുന്നത് തന്റെ അവകാശിയായി ഒരു മകനില്ലാതെ ഒരു മനുഷ്യൻ മരിക്കുന്നുവെങ്കിൽ, തന്റെ അവകാശിയായിരിക്കുവാൻ ഒരു മകനെ ഉളവാക്കുന്നതിന് അവന്റെ സഹോദരൻ അവന്റെ ഭാര്യയെ വിവാഹം കഴിക്കണം എന്നാണ്. ഈ സംഭവമില്ലാതെ ആവർത്തനം 25-ൽ ഇങ്ങനെയുള്ള ഒരു ചട്ടം എന്തുകൊണ്ടാണ് ഉള്ളതെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയുകയില്ല. ആവർത്തനത്തിലെ ആ വചനംപോലും ക്രിസ്തുവിന്റെ വംശാവലിയോട് ബന്ധപ്പെട്ടിരിക്കുന്നു.

Wed

## Y. സെരുബ്ബാബേൽ

ബാബിലോണിലെ ബന്ധനത്തിൽനിന്നും യെരൂശലേമിലേക്കു മടങ്ങിവന്ന നേതാക്കന്മാരിൽ ഒരുവനായിരുന്നു സെരുബ്ബാബേൽ എന്ന് എസ്രാ 5:1-ഉം 2-ഉം പറയുന്നു. അവൻ കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ ഒരു നേതാവായിരുന്നു എന്നാണ് ഇത് അർഥമാക്കുന്നത്. ഇതൊരു വലിയ കാര്യമാണ്. ദൈവത്തിന്റെ ആലയം പുനർനിർമ്മിക്കുന്നതിലും അവൻ നേതൃത്വമെടുത്തിരുന്നു (സെഖ. 4:7-10).

ബന്ധനത്തിൽനിന്നുള്ള ഈ തിരിച്ചുവരവില്ലാതെ ക്രിസ്തുവിന് ബെത്ലഹേമിൽ ജനിക്കുക അസാധ്യമാകുമായിരുന്നു. ദാവീദിന്റെ സന്തതിയായി ക്രിസ്തു ബെത്ലഹേമിൽ ജനിക്കുമെന്ന് പഴയനിയമം നിശ്ചയമായും മുൻകൂട്ടി പറഞ്ഞു (മത്താ. 2:4-6; മീഖാ 5:2). യിസ്രായേൽജനം ആരും യെഹൂദയിലേക്ക് മടങ്ങിയില്ലെന്നും ക്രിസ്തുവിന് ബെത്ലഹേമിൽ ജനിക്കാനുള്ള സമയം വന്നുവെന്നും സങ്കല്പിക്കുക. ആരും അവിടെ ഉണ്ടാകുമായിരുന്നില്ല. എന്തുകൊണ്ടാണ് ബദ്ധന്മാരോട് മടങ്ങിപ്പോകുവാൻ ദൈവം കല്പിച്ചതെന്ന് നമുക്ക് ഇപ്പോൾ മനസ്സിലാകുന്നു. ബദ്ധന്മാർ മടങ്ങിപ്പോകണമെന്ന ദൈവത്തിന്റെ കല്പന ആലയം പുനർനിർമ്മിക്കുന്നതിനുവേണ്ടി മാത്രമല്ലായിരുന്നു, ക്രിസ്തു ബെത്ലഹേമിൽ ജനിക്കുന്നതിനുവേണ്ടിയുള്ള ഒരുക്കത്തിനുവേണ്ടിയും ആയിരുന്നു.

ഇന്നും കൃത്യമായി അങ്ങനെതന്നെയാണ്. "ബാബിലോണിൽ തങ്ങുന്നതും യെരൂശലേമിലേക്കു തിരിച്ചുവരുന്നതും തമ്മിൽ എന്താണ് വ്യത്യാസം? നാം ദൈവത്തെ ആരാധിക്കുകയും ആത്മാവിൽ നടക്കുകയും ചെയ്യുന്നിടത്തോളം അത് ഒന്നുതന്നെയല്ലേ?" എന്നു ചിലർ ചോദിച്ചേക്കാം. നിങ്ങളെ സംബന്ധിച്ചിടത്തോളം അതു ശരിയായിരിക്കാം, എന്നാൽ ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം അതു ശരിയല്ല. അവനെ ബെത്ലഹേമിലേക്ക് കൊണ്ടുവരേണ്ടതിന് ക്രിസ്തുവിന് ചില ആളുകൾ ആവശ്യമുണ്ട്. ബാബിലോണിൽ നിങ്ങൾ ദൈവത്തെ ആരാധിക്കുകയും ആത്മാവിൽ നടക്കുകയും ചെയ്യുന്നുണ്ടാകാം, എന്നാൽ നിങ്ങളിലൂടെ ക്രിസ്തുവിന് മനുഷ്യവർഗത്തിലേക്ക് ഒരിക്കലും ജനിക്കുവാൻ കഴിയുകയില്ലെന്ന് നിശ്ചയമുള്ളവരായിരിക്കുക. ഇതിന് ഒരു നിശ്ചിത സ്ഥലം ആവശ്യമാണ്. നിങ്ങൾ ബാബിലോണിൽനിന്നും യെഹൂദയിലേക്കു തിരിച്ചുവരണം. കർത്താവായ യേശു ജനിക്കാനുള്ള സമയം വന്നപ്പോൾ ബന്ധനത്തിൽനിന്നും മടങ്ങിവന്ന പൂർവികരായ ചില യിസ്രായേല്യർ യെഹൂദ്യയിൽ കാത്തിരിക്കുകയായിരുന്നു. ആ സമയത്ത്, യോസേഫും മറിയയും ബാബിലോണിലായിരുന്നില്ല: അവർ യെഹൂദ്യയിലായിരുന്നു. ക്രിസ്തു ഭൂമിയിലേക്കു വരുന്നതിന് ബദ്ധന്മാരായ ചിലർ തിരികെ വരണമായിരുന്നു. അവന്റെ രണ്ടാമത്തെ വരവിനുവേണ്ടിയും ക്രിസ്തുവിന് തന്റെ ബദ്ധന്മാരായ ജനത്തിൽ ചിലർ തങ്ങളുടെ ബന്ധനത്തിൽനിന്നും ശരിയായ സഭാജീവിത്തിലേക്ക് മടങ്ങിവരേണ്ടത് ആവശ്യമാണ്.

## Z. യാക്കോബ് യോസേഫിനെ ജനിപ്പിച്ചു

ഇവിടെ "യാക്കോബ് യോസേഫിനെ ജനിപ്പിച്ചു" (വാ. 16) എന്ന് വംശാവലി പറയുന്നുവെങ്കിലും, "യോസേഫ് ഹേലിയുടെ മകൻ" എന്ന് ലൂക്കൊസ് 3:23 പറയുന്നു. യോസേഫ് ആരുടെ മകനായിരുന്നു? ലൂക്കൊസിന്റെ രേഖ പറയുന്നു, "എന്ന് നിരൂപിച്ചിരുന്നു." അക്ഷരാർഥത്തിലുള്ള വിവർത്തനം "നിയമപ്രകാരം" എന്നായിരിക്കണം. യോസേഫ് ഹേലിയുടെ മകനായിരുന്നില്ലെന്നും, എന്നാൽ നിയമപ്രകാരം അവന്റെ മകനായി എണ്ണപ്പെട്ടിരുന്നുവെന്നും ഇതു സൂചിപ്പിക്കുന്നു. യോസേഫ് മറിയയുടെ അപ്പനായ ഹേലിയുടെ മരുമകനായിരുന്നു. ഇത് സംഖ്യ 27:1-8-ഉം 36:1-12-ഉം അനുസരിച്ചുള്ള ഒരു സംഭവമായിരിക്കണം: ഏതെങ്കിലും മാതാപിതാക്കൾക്ക് അവകാശികളായി പുത്രിമാർ മാത്രം ഉണ്ടായിരുന്നാൽ അവരുടെ അവകാശം പുത്രിമാർക്കു പോകണം എന്ന ഒരു ചട്ടം ദൈവം ഉണ്ടാക്കിയിരുന്നു: പിന്നീട് പുത്രിമാർ തങ്ങളുടെ അവകാശം ആ ഗോത്രത്തിൽ നിലനിർത്തേണ്ടതിന് അവരുടെ സ്വന്തം ഗോത്രത്തിലുള്ള ഒരു

പുരുഷനെ വിവാഹം കഴിക്കണം. നമുക്ക് മത്തായി ഒന്നാം അധ്യായം ഇല്ലായിരുന്നുവെങ്കിൽ, എന്തുകൊണ്ട് ഇങ്ങനെയുള്ള ഒരു രേഖ നിലനിൽക്കുന്നുവെന്ന് നാം അത്ഭുതപ്പെട്ടേക്കാം. ഇത് ഒരു ചട്ടത്തിന്റെ രേഖ മാത്രമല്ല, ക്രിസ്തുവിനോടു ബന്ധപ്പെട്ട ഒരു കാര്യവുമാണെന്ന് ഇപ്പോൾ നാം കാണുന്നു: കാരണം ക്രിസ്തുവിനെ പ്രസവിച്ച കന്യകയായ പുത്രി ഇങ്ങനെയുള്ള ഒരു സംഭവമായിരുന്നു. മറിയയുടെ മാതാപിതാക്കൾക്ക് പുത്രന്മാർ ഉണ്ടായിരുന്നില്ലെന്നും, അവൾ തന്റെ മാതാപിതാക്കളുടെ പൈതൃകം അവകാശമാക്കുകയും അവളുടെ അതേ ഗോത്രമായ യെഹൂദാ ഗോത്രത്തിലെ ഒരു പുരുഷനായ യോസേഫിനെ വിവാഹം കഴിക്കുകയും ചെയ്തുവെന്ന് നാം വിശ്വസിക്കുന്നു. സംഖ്യ 27-ലും 36-ലുമുള്ള ചട്ടംപോലും ക്രിസ്തുവിന്റെ വംശാവലിയുമായി ബന്ധപ്പെട്ടിരിക്കുന്നു. നേരിട്ടോ പരോക്ഷമായോ മുഴുവൻ വേദപുസ്തകവും ക്രിസ്തുവിന്റെ ഒരു വിവരണമാണ്.

## AA. യോസേഫ് മറിയയുടെ ഭർത്താവ്, അവളിൽനിന്ന് യേശു ജനിച്ചു

മുമ്പുള്ള സകല വ്യക്തികളുടെയും കാര്യത്തിൽ പറഞ്ഞതുപോലെ, "യോസേഫ് യേശുവിനെ ജനിപ്പിച്ചു" എന്ന് ഈ ഘട്ടത്തിൽ ഈ വംശാവലിയുടെ രേഖ പറയുന്നില്ല: അതു പറയുന്നു, "യോസേഫ് മറിയയുടെ ഭർത്താവ്, അവളിൽനിന്ന് യേശു ജനിച്ചു" (വാ. 16). ക്രിസ്തു ഒരു സ്ത്രീയുടെ സന്തതിയായിരിക്കുമെന്നും ഒരു കന്യകയിൽനിന്നു ജനിക്കുമെന്നും പ്രവചിക്കപ്പെട്ടിരുന്നതിനാൽ യേശു യോസേഫിൽനിന്നല്ല, മറിയയിൽനിന്നാണ് ജനിച്ചത് (ഉല്പ. 3:15; യെശ. 7:14). യോസേഫ് ഒരു പുരുഷനും യെഖൊന്യാവിന്റെ പിൻതലമുറക്കാരനും ആയതുകൊണ്ട്, ക്രിസ്തുവിന് യോസേഫിൽനിന്നു ജനിക്കുവാൻ കഴിയുമായിരുന്നില്ല: ഈ പിൻതലമുറക്കാരിൽ ആർക്കും ദാവീദിന്റെ സിംഹാസനം അവകാശമാക്കുവാൻ കഴിയുമായിരുന്നുമില്ല (യിരെ. 22:28-30). ക്രിസ്തു യോസേഫിൽനിന്ന് ജനിച്ചിരുന്നെങ്കിൽ, അവൻ ദാവീദിന്റെ സിംഹാസനത്തിൽനിന്നും ഒഴിവാക്കപ്പെടുമായിരുന്നു. എങ്കിലും, മറിയ ഒരു കന്യകയും (ലൂക്കൊ. 1:27) ക്രിസ്തു ജനിക്കണമായിരുന്ന ശരിയായ വ്യക്തിയായ ദാവീദിന്റെ ഒരു പിൻതലമുറക്കാരിയുമായിരുന്നു (ലൂക്കൊ. 1:31-32). മറിയയുമായുള്ള യോസേഫിന്റെ വിവാഹം അവനെ ക്രിസ്തുവുമായുള്ള ബന്ധത്തിലേക്ക് കൊണ്ടുവരുകയും ക്രിസ്തുവിനെ ഉളവാക്കുന്നതിനുള്ള ക്രിസ്തുവിന്റെ വംശാവലിയുടെ രണ്ടു രേഖകളെ ഒന്നാക്കി യോജിപ്പിക്കുകയും ചെയ്തു.

ക്രിസ്തുവിന്റെ തലമുറ ദൈവത്തിൽനിന്ന് ആരംഭിക്കുകയും യേശുവിൽ എത്തുന്നതുവരെ തുടരുകയും ചെയ്യുന്നതായി കാണിക്കുന്ന ചാർട്ട് നാം ഇനി കാണേണ്ടതാവശ്യമാണ്.

ഒന്നാമത്തെ പേര് ദൈവവും, അവസാനത്തെ പേര് യേശുവും ആണ്. അത് ദൈവത്തിൽനിന്നും ആദാമിലേക്കും, ആദാമിൽനിന്നും അബ്രാഹാമിലേക്കും, അബ്രാഹാമിൽനിന്നും യിസ്ഹാക്, യാക്കോബ് എന്നിവരിലൂടെ ദാവീദിലേക്കും മുന്നോട്ടു പോകുന്നു. ദാവീദിനുശേഷം അത് രണ്ടു രേഖകളായി പിരിയുന്നു— ഒന്നാമത്തേത് നാഥാനിൽനിന്നും മറിയയിലേക്കും, രണ്ടാമത്തേത് ശലോമോനിൽനിന്നും യോസേഫിലേക്കും. ഒടുവിൽ ദൈവത്തിന്റെ സർവാധികാരത്തിൽ, ക്രിസ്തുവിനെ ഉളവാക്കുന്നതിനായി ഈ രണ്ടു രേഖകളും യോസേഫിനോടുള്ള മറിയയുടെ വിവാഹത്താൽ ഒരുമിച്ച് കൊണ്ടുവരപ്പെട്ടു. ഈ ചാർട്ട് പരിഗണിക്കുവാൻ നാം സമയം ചിലവഴിക്കുമെങ്കിൽ, ദൈവത്തിന്റെ സർവാധികാരം എത്ര അത്ഭുതകരമെന്ന് നാം തിരിച്ചറിയും.

എല്ലാ വിവാഹങ്ങളും, പ്രത്യേകിച്ചും ക്രിസ്തുവുമായി ബന്ധപ്പെട്ട വിവാഹങ്ങൾ, ദൈവത്തിന്റെ സർവാധികാരത്തിൻകീഴിലാണ്. ദൈവം മുതൽ ദാവീദു വരെയുള്ള തലമുറ ഒരു രേഖയും, ദാവീദു മുതൽ യേശു വരെയുള്ളത് രണ്ടു രേഖകളും ആയിരുന്നു; എങ്കിലും, ഈ രണ്ടു രേഖകൾ യോസേഫിന്റെയും മറിയയുടെയും വിവാഹത്തിലൂടെ യോജിപ്പിക്കപ്പെട്ടു. മറിയയാൽ ഉളവാക്കപ്പെട്ട യേശു പ്രവചനങ്ങൾ നിറവേറ്റുന്നു: സ്ത്രീയുടെ സന്തതിയെ സംബന്ധിച്ച പ്രവചനവും (ഉല്പ. 3:15); കന്യക ഒരു മകനെ പ്രസവിക്കുന്നതിനെ സംബന്ധിച്ച പ്രവചനവും (യെശ. 7:14); സകല ജാതികൾക്കും അനുഗ്രഹം കൊണ്ടുവരുന്ന ഒരു സന്തതി അബ്രാഹാമിന് ഉണ്ടായിരിക്കുമെന്ന പ്രവചനവും (ഉല്പ. 22:8); അബ്രാഹാമിനോടുചെയ്ത അതേ പ്രവചനം ആയിരുന്ന, യിസ്ഹാക്കിനോടും യാക്കോബിനോടുമുള്ള പ്രവചനവും (ഉല്പ. 26:4; 28:14),; യെഹൂദാ രാജകീയ ഗോത്രമായിരിക്കുമെന്ന് യെഹൂദായോടു ചെയ്ത പ്രവചനവും (ഉല്പ. 49:10); ദാവീദിനോടുചെയ്ത പ്രവചനവും (2 ശമൂ. 7:12-13). യേശുവിന്റെ ജനനം പഴയനിയമത്തിലുള്ള നിരവധി പ്രവചനങ്ങൾ പൂർത്തീകരിച്ചുവെങ്കിലും, അവൻ യെഖൊന്യാവിന്റെ പിൻതലമുറക്കാരനല്ലായിരുന്നു. പ്രത്യക്ഷത്തിൽ, യെഖൊന്യാവിന്റെ പിൻതലമുറക്കാർ അപ്പോഴും രാജകീയ രേഖയിലായിരുന്നു. എന്നാൽ ദൈവത്തിന്റെ സർവാധികാരമനുസരിച്ച് യേശുവിന്റെ അമ്മയായ മറിയ, രാജകീയ കുടുംബത്തിന്റെ രേഖയിലായിലാണെന്നു തോന്നുന്ന യെഖൊന്യാവിന്റെ ഒരു പിൻതലമുറക്കാരനായ യോസേഫിനെ വിവാഹം കഴിച്ചു. കാഴ്ചയിൽ, യേശു യെഖൊന്യാവിന്റെ സന്തതിയായിരുന്നെങ്കിലും വാസ്തവത്തിൽ അവൻ അങ്ങനെ ആയിരുന്നില്ല. അവൻ ദാവീദിന്റെ സന്തതിയായിരുന്നു. ഇങ്ങനെയുള്ള ഒരു കാര്യം ദൈവത്തിനു മാത്രമേ ക്രമീകരിക്കുവാൻ കഴിയുകയുള്ളൂ. അവനെ സ്തുതിക്കുക!

നിങ്ങളുടെ ചരിത്രം, നിങ്ങളുടെ രക്ഷയുടെ ചരിത്രം, നിങ്ങൾ പരിഗണിക്കുന്നുവെങ്കിൽ, തത്ത്വം ഒന്നുതന്നെയാണെന്ന് നിങ്ങൾ കാണും. യോസേഫിന്റെയും മറിയയുടെയും വിവാഹം യാദൃശ്ചികമായിരുന്നു എന്നു ചിന്തിക്കരുത്. അത് യാദൃശ്ചികമായിരുന്നില്ല: മറിച്ച് ദൈവത്തിന്റെ സർവാധികാരമുള്ള കരത്താൽ പദ്ധതിയിട്ടതായിരുന്നു. അതുപോലെ, ക്രിസ്തുവുമായുള്ള നിങ്ങളുടെ ബന്ധം—നിങ്ങളുടെ രക്ഷ—ഒരു യാദൃശ്ചികമായിരുന്നില്ല: അതും ദിവ്യകരത്താൽ പദ്ധതിയിട്ടതായിരുന്നു. ചിലപ്പോൾ കർത്താവിന് സ്തോത്രം ചെയ്തുകൊണ്ട് ഞാൻ പറഞ്ഞു, "നീ 20 B.C.-യിൽ എന്നെ ഭൂമിയിൽ വയ്ക്കാതെ ഇരുപതാം നൂറ്റാണ്ടിൽ വച്ചതിൽ ഞാൻ വളരെ സന്തുഷ്ടനാണ്. ഭൂമിയിൽ വേദപുസ്തകവുമായി മിഷണറിമാർ വന്ന ഒരു സ്ഥലത്തിൽ നീ എന്നെ വച്ചു. ഒരു ദിവസം ഒരു ക്രിസ്തീയ മാതാവിൽനിന്ന് ഞാൻ ജനിച്ചു. പിന്നീട് സുവിശേഷം കേൾക്കാനുള്ള അവസരം എനിക്കു നൽകുകയും ഞാൻ രക്ഷിക്കപ്പെടുകയും ചെയ്തു. ഹല്ലേലൂയ്യാ!" ഇത് യാദൃശ്ചികമായിരുന്നില്ല. ക്രിസ്തുവുമായുള്ള നിങ്ങളുടെ ബന്ധവും യാദൃശ്ചികമായിരുന്നില്ല. ദൈവം ശ്രദ്ധാപൂർവം ഇതെല്ലാം പദ്ധതിയിട്ടു. നമ്മെപ്പോലെയുള്ള ചെറിയ ആളുകൾക്കുവേണ്ടി ദൈവം ഇതെല്ലാം ക്രമീകരിച്ചിരിക്കുന്നു. ഇത് അപ്രധാനമായ ഒരു കാര്യമല്ല. നാം നിത്യതയിൽ പ്രവേശിക്കുമ്പോൾ, വളരെയേറെ ആശ്ചര്യപ്പെടും. "കർത്താവേ സ്തുതിക്കുന്നു" എന്നു നാം ആർത്തുഘോഷിക്കും!

## BB. മറിയ

ഇപ്പോൾ നാം മറിയ എന്ന കന്യകയിലേക്കു വരുന്നു (1:16). ഒരു കന്യകയായിരുന്നതിനാൽ ഈ വംശാവലിയിൽ പരാമർശിച്ചിരിക്കുന്ന മറ്റു നാല് സ്ത്രീകളിൽനിന്നും അവൾ വ്യത്യസ്തയായിരുന്നു. മറിയ നിർമ്മലയും നിസ്തുലയും ആയിരുന്നു. ക്രിസ്തുവിനെ പ്രസവിക്കുന്നതിനുവേണ്ടി അവൾ മനുഷ്യനിൽനിന്നല്ല, പരിശുദ്ധാത്മാവിൽനിന്നത്രേ ഗർഭിണിയായത് (ലൂക്കൊ. 1:34-35; മത്താ. 1:18, 20). പുനർവിവാഹം കഴിച്ച നാലു സ്ത്രീകളുടെയും ഒരു കന്യകയുടെയും ഈ വിവരണം തെളിയിക്കുന്നത് വിശുദ്ധിയിൽ ജനിച്ചവനായ ക്രിസ്തു ഒഴികെ ഈ വംശാവലിയിൽ രേഖപ്പെടുത്തിയിരിക്കുന്ന സകല വ്യക്തികളും പാപത്തിൽനിന്നു ജനിച്ചു എന്നാണ്.

## CC. ക്രിസ്തു എന്നു വിളിക്കപ്പെടുന്നവൻ

"ക്രിസ്തു എന്നു വിളിക്കപ്പെടുന്ന" എന്ന പദപ്രയോഗം മത്തായി ഉപയോഗിക്കുന്നു (വാ. 16). ലൂക്കൊസിന്റെ വംശാവലിയിൽ ക്രിസ്തു എന്ന അഭിധാനം പരാമർശിച്ചിട്ടില്ല. അഭിഷിക്തനോ, രാജാവോ, മിശിഹായോ ആയിരിക്കുവാനല്ല, ഒരു മനുഷ്യനായിരിക്കുവാൻ കർത്താവ് വന്നുവെന്ന് ലൂക്കൊസ് തെളിയിക്കുന്നതുകൊണ്ട്,

ലൂക്കൊാസ് യേശു എന്ന നാമം പരാമർശിക്കുന്നു. മത്തായി, അതിനു വിരുദ്ധമായി തെളിയിക്കുന്നത് യേശു പഴയനിയമത്തിൽ പ്രവചിക്കപ്പെട്ട രാജാവ്, മിശിഹാ ആകുന്നു എന്നാണ്. തന്മൂലം, "ക്രിസ്തു എന്നു വിളിക്കപ്പെടുന്ന" പദപ്രയോഗം അവൻ കൂട്ടിച്ചേർത്തു.

Thu

## DD. അബ്രാഹാമും, ദാവീദും, മറിയയും

അബ്രാഹാമും, ദാവീദും, മറിയയും വേദപുസ്തകത്തിലെ മൂന്ന് ആനന്ദപ്രദമായ പേരുകൾ, ദൈവത്തിന്റെ കാതുകൾക്ക് ഇമ്പകരമായ പേരുകൾ ആണ് (വാ. 2, 6, 16). അബ്രാഹാം വിശ്വാസത്താലുള്ള ഒരു ജീവിതത്തെ പ്രതിനിധീകരിക്കുകയും, ദാവീദ് ക്രൂശിന്റെ ഇടപെടലിൻകീഴിലുള്ള ഒരു ജീവിതത്തെ പ്രതിനിധീകരിക്കുകയും, മറിയ കർത്താവിന് പൂർണമായി വിധേയപ്പെട്ട ഒരു ജീവിതത്തെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു. ഈ മൂന്നു തരം ജീവിതങ്ങളിലൂടെയായിരുന്നു ക്രിസ്തു മനുഷ്യവർഗത്തിലേക്ക് കൊണ്ടുവരപ്പെട്ടത്.

ഇന്നും തത്ത്വം ഇങ്ങനെ തന്നെയാണ്. സുവിശേഷം പ്രസംഗിക്കുന്ന കാര്യം പരിഗണിക്കുക. സുവിശേഷം പ്രസംഗിക്കുന്നതിന്റെ ഉദ്ദേശ്യം ക്രിസ്തുവിനെ മനുഷ്യവർഗത്തിലേക്കു കൊണ്ടുവരിക എന്നതാണ്. ഇതിന് വളരെയധികം വിശ്വാസവും, ക്രൂശിന്റെ ഇടപെടലിൻ കീഴിലുള്ള ഒരു ജീവിതവും, കർത്താവിന് പൂർണമായി വിധേയപ്പെട്ട ഒരു ജീവിതവും ആവശ്യമാണ്. ഇത്തരത്തിലുള്ള ജീവിതങ്ങൾ നമുക്കുണ്ടെങ്കിൽ, നാം തീർച്ചയായും ക്രിസ്തുവിനെ മനുഷ്യവർഗത്തിലേക്കു കൊണ്ടുവരും.

## EE. ദാവീദു വരെയും ദാവീദു മുതലും

ദാവീദ് പിതാക്കന്മാരുടെ തുലമുറകളുടെ അവസാനവും രാജാക്കന്മാരുടെ തലമുറകളുടെ ആരംഭവും ആണ് (വാ. 17). അവൻ പിതാക്കന്മാരുടെ ഭാഗത്തെ അവസാനിപ്പിക്കുന്നതും രാജാക്കന്മാരുടെ ഭാഗത്തെ തുടങ്ങുന്നതുമായ ഒരു അതിരടയാളമായി ദൈവത്താൽ ഉപയോഗിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു.

## FF. നാടുകടത്തൽവരെയും നാടുകടത്തൽ മുതലും

അധഃപതനത്തിന്റെ സമയത്ത് അബ്രാഹാമും ദാവീദും ചെയ്യുതുപോലെ തലമുറകളെ വിഭാഗിക്കുവാനുള്ള ഒരു അതിരടയാളമായി ഒരു വ്യക്തിയും ഉണ്ടായിരുന്നില്ല. അതുകൊണ്ട് നാടുകടത്തൽതന്നെ ഒരു അതിരടയാളം, ലജ്ജയുടെ അതിരടയാളം ആയിത്തീർന്നു. ആ സമയത്ത്, അതിരടയാളം ഒരു വ്യക്തിയല്ലായിരുന്നു; അത് ബാബിലോണിലേക്കുള്ള നാടുകടത്തലായിരുന്നു.

ആ തലമുറയ്ക്കുവേണ്ടി ഒരു അതിരടയാളമായി ഒരു വ്യക്തിയും പ്രബലപ്പെട്ടില്ല എന്ന് കാണിക്കുന്നതിൽ വേദപുസ്തകം ശ്രദ്ധപുലർത്തി. ഇത് ലജ്ജ ഉളവാക്കുന്നതായിരുന്നു.

## GG. പതിന്നാലു തലമുറകളുടെ മൂന്നു കൂട്ടങ്ങൾ

പതിന്നാലു തലമുറകളുടെ മൂന്നു കൂട്ടങ്ങളെ വാക്യം 17 പ്രതിപാദിക്കുന്നു. പതിന്നാല് എന്ന സംഖ്യ പത്തും നാലും ചേരുന്നതാണ്. നാല് എന്ന സംഖ്യ സൃഷ്ടികളെ സൂചിപ്പിക്കുന്നു. വെളിപ്പാട് 4:6-ൽ നമുക്ക് നാലു ജീവികളും, വെളിപ്പാട് 7:1-ൽ നമുക്ക് "ഭൂമിയുടെ നാലു കോണുകളും," "നാലു കാറ്റുകളും" ഉണ്ട്. പത്ത് എന്ന സംഖ്യ നിറവിനെ സൂചിപ്പിക്കുന്നു. നാം പലപ്പോഴും പത്തിലൊന്നിനെക്കുറിച്ച് സംസരാക്കാറുണ്ട്; അതിന്റെ അർഥം നിറവിന്റെ പത്തിലൊന്നു ഭാഗം എന്നാണ് (ഉല്പ. 14:20). അതുകൊണ്ട്, മത്തായി 25:1-ൽ നമുക്ക് പത്തു കന്യകമാരുണ്ട്. നിങ്ങളുടെ രണ്ടു കൈകളിലേക്കും നിങ്ങളുടെ പാദങ്ങളിലേക്കും നോക്കുക: നിങ്ങൾക്ക് പത്തു വിരലുകൾ വീതമുണ്ട്. അങ്ങനെ പത്ത് എന്ന സംഖ്യ നിറവിനെ സൂചിപ്പിക്കുകയും, പതിന്നാല് എന്ന സംഖ്യ സൃഷ്ടികളെ സമ്പൂർണമായി സൂചിപ്പിക്കുകയും ചെയ്യുന്നു.

മൂന്നു മടങ്ങ് പതിന്നാലു തലമുറകൾ സൂചിപ്പിക്കുന്നത് ത്രിയേകദൈവം മുഴുവൻ സൃഷ്ടികളോടും അവനെത്തന്നെ സമ്പൂർണമായി ഇഴുകിച്ചേർക്കുന്നു എന്നാണ്. ഇത് വളരെ അർഥവത്താണ്. ത്രിയേകദൈവത്തിലെ വ്യക്തികൾ പിതാവും, പുത്രനും, ആത്മാവും ആണ്. ഈ വംശാവലിക്ക് മൂന്നു ഭാഗങ്ങളുണ്ട്: പിതാക്കന്മാരുടെ ഭാഗവും, രാജാക്കന്മാരുടെ ഭാഗവും, ബദ്ധരാക്കപ്പെട്ടവരും പ്രത്യുദ്ധരിക്കപ്പെട്ടവരും ഉൾപ്പെടുന്ന സാധാരണ പൗരന്മാരുടെ ഭാഗവും. പിതാവായ ദൈവം പിതാക്കന്മാരുടെ ഭാഗത്തോടു യോജിക്കുകയും, പുത്രനായ ദൈവം രാജാക്കന്മാരുടെ ഭാഗത്തോടു യോജിക്കുകയും, ആത്മാവായ ദൈവം സാധാരണ പൗരന്മാരുടെ ഭാഗത്തോട് യോജിക്കുകയും ചെയ്യുന്നു. ഇത് മനോഹരമാണ്! അതുകൊണ്ട്, മൂന്നു മടങ്ങ് പതിന്നാല് തന്റെ സൃഷ്ടികളുമായുള്ള ത്രിയേകദൈവത്തിന്റെ ഇഴുകിച്ചേരലിനെ അർഥമാക്കുന്നു. ക്രിസ്തുവിന്റെ തലമുറയുടെ ഈ രേഖ ഈ മനുഷ്യ സൃഷ്ടികളുമായുള്ള ത്രിയേകദൈവത്തിന്റെ ഇഴുകിച്ചേരലിനെ സൂചിപ്പിക്കുന്നു.

ത്രിയേകദൈവം അബ്രാഹാമും യിസ്ഹാക്കും, യാക്കോബും യെഹൂദായും, ബോവസും ഓബേദും, യിശ്ശായും ദാവീദും എന്നിവരിലൂടെയും, പിന്നെ മറ്റനേകം തലമുറകളിലൂടെ മറിയയിലേക്കും യോസേഫിലേക്കും സഞ്ചരിക്കുകയായിരുന്നു. അവസാനം യേശു വന്നു. ആരാണ് യേശു? സകല തലമുറകളിലൂടെയും സഞ്ചരിക്കുകയും, മനുഷ്യത്വവുമായുള്ള

ദിവ്യത്വത്തിന്റെ ഇഴുകിച്ചേരലായി പുറപ്പെട്ടുവരുകയും ചെയ്യു ത്രിയേകദൈവമാണ് യേശു.

മൂന്നു മടങ്ങ് പതിന്നാല് നാല്പത്തിരണ്ടാണ്. പരീക്ഷകളുടെയും, പ്രലോഭനങ്ങളുടെയും, കഷ്ടങ്ങളുടെയും സംഖ്യയാണ് നാല്പത് (എബ്രാ. 3:9; മത്താ. 4:2; 1 രാജാ. 19:8). ക്രിസ്തു നാല്പത്തിരണ്ടാമത്തെ തലമുറയാണ്. നാല്പത്തിരണ്ട് എന്ന സംഖ്യ പരീക്ഷകൾക്കുശേഷമുള്ള വിശ്രമത്തെയെയും സംതൃപ്തിയെയും സൂചിപ്പിക്കുന്നു. യിസ്രായേൽമക്കൾ കനാനിലേക്കു പ്രവേശിക്കുന്നതിനുമുമ്പ് അവർ നാല്പത്തിരണ്ട് താവളങ്ങളിലൂടെ സഞ്ചരിച്ചുവെന്ന് സംഖ്യ 33:5-48 നമ്മെ കാണിക്കുന്നു. പഴയനിയമ വിവരണമനുസരിച്ച് യിസ്രായേല്യർ ഈ നാല്പത്തിരണ്ട് താവളങ്ങളിലുടനീളം കഷ്ടമനുഭവിച്ചു. അവർ പരീക്ഷിക്കപ്പെടുകയും, പ്രലോഭിപ്പിക്കപ്പെടുകയും, ശോധന ചെയ്യപ്പെടുകയും ചെയതു. അവർക്ക് വിശ്രമം ഉണ്ടായിരുന്നില്ല. എങ്കിലും ഈ നാല്പത്തിരണ്ടു താവളങ്ങളിലൂടെ കടന്നുപോയതിനുശേഷം അവർ വിശ്രമത്തിലേക്കു പ്രവേശിച്ചു. ഇത് മുമ്പ് സംഭവിച്ചു എന്നു മാത്രമല്ല, ഭാവിയിൽ പിന്നെയും സംഭവിക്കുകയും ചെയ്യും. വെളിപ്പാട് 13-ൽ മൂന്നര വർഷങ്ങളായ നാല്പത്തിരണ്ടു മാസങ്ങളുണ്ടായിരിക്കുമെന്നു നാം കാണുന്നു. ഈ നാല്പത്തിരണ്ടു മാസങ്ങൾ ദാനീയേൽ 9:24-27-ൽ പരാമർശിച്ചിരിക്കുന്ന അവസാനത്തെ ആഴ്ചവട്ടമായ ഒടുക്കത്തെ ഏഴു വർഷങ്ങളുടെ അവസാന ഭാഗമായിരിക്കും. എഴുപത് ആഴ്ചവട്ടങ്ങളുണ്ട്: ആദ്യത്തെ ഏഴ് ആഴ്ചവട്ടങ്ങളും, പിന്നെ അറുപത്തിരണ്ട് ആഴ്ചവട്ടങ്ങളും, അതിനുശേഷം അവസാനത്തെ ആഴ്ചവട്ടവും. ഓരോ ആഴ്ചവട്ടവും ഏഴു വർഷങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഈ അവസാനത്തെ ഏഴു വർഷങ്ങളുടെ രണ്ടാമത്തെ പകുതിയായ നാല്പത്തിരണ്ടു മാസങ്ങളുടെ കാലഘട്ടം മഹോപദ്രവമായിരിക്കും; അത് ഭയങ്കരമായിരിക്കും. നിരവധി പരീക്ഷകളും, ശോധനകളും, പ്രലോഭനങ്ങളും, കഷ്ടങ്ങളും ഉണ്ടായിരിക്കും. എന്നാൽ ഈ നാല്പത്തിരണ്ടു മാസങ്ങൾ കഴിയുമ്പോൾ, രാജ്യം വരുകയും വിശ്രമം ഉണ്ടായിരിക്കുകയും ചെയ്യും. അബ്രാഹാം മുതൽ മറിയ വരെയുള്ള സമയം കഷ്ടങ്ങളുടെയും, ശോധനകളുടെയും, പ്രലോഭനങ്ങളുടെയും കാലമായിരുന്നു. പരീക്ഷകളുടെയും, പ്രലോഭനങ്ങളുടെയും, കഷ്ടങ്ങളുടെയും സകല തലമുറകൾക്കു ശേഷം നമ്മുടെ വിശ്രമവും സംതൃപ്തിയുമായിരിക്കുവാൻ നാല്പത്തിരണ്ടാമത്തെ തലമുറയായി ക്രിസ്തു വന്നു. അവനോടുകൂടെ നമുക്ക് പൂർണ വിശ്രമവും, സമ്പൂർണ സംതൃപ്തിയും ഉണ്ട്.

ദിനവൃത്താന്തത്തിലെ ചരിത്രം നാം വായിക്കുന്നുവെങ്കിൽ, അബ്രാഹാം മുതൽ ക്രിസ്തു വരെയുള്ള തലമുറകൾ വാസ്തവത്തിൽ നാല്പത്തഞ്ച് തലമുറകളായിരുന്നുവെന്ന് നാം കണ്ടെത്തും. പിന്നെ എന്തുകൊണ്ടാണ് മത്തായിയിൽ നാല്പത്തിരണ്ടുള്ളത്?

നാല്പത്തഞ്ചു തലമുറകളിൽനിന്നു ശപിക്കപ്പെട്ട മൂന്നു തലമുറകളെയും ഉചിതമല്ലാത്ത ഒരു തലമുറയെയും കുറച്ചുകൊണ്ടും, ദാവീദിനെ രണ്ടു തലമുറകളാക്കിക്കൊണ്ടും (പിതാക്കന്മാരുടെ ഒന്നും, രാജാക്കന്മാരുടെ ഒന്നും) തലമുറകൾ നാല്പത്തിരണ്ടായിത്തീരുന്നു; അതിനെ പതിന്നാലു തലമുറകളുടെ മൂന്നു യുഗങ്ങളായി തിരിച്ചിരിക്കുന്നു.

ഓർക്കുക: ഇതൊരു ജീവപഠനം മാത്രമല്ല, ഒരു ബൈബിൾ പഠനവും ആണ്. തന്മൂലം, നമുക്ക് കുറച്ച് അറിവും ആവശ്യമാണ്. മത്തായിയുടെ രേഖ ചരിത്രമനുസരിച്ചുള്ള ഒരു രേഖയല്ല, പിന്നെയോ ഉപദേശമനുസരിച്ചുള്ള ഒരു രേഖയാണെന്നു നാം കാണണം. മറിച്ച്, യോഹന്നാന്റെ രേഖ ചരിത്രമനുസരിച്ചുള്ളതാണ്; കാരണം യോഹന്നാൻ തന്റെ സുവിശേഷം എഴുതിയത് ചരിത്രത്തിലെ സംഭവങ്ങളനുസരിച്ചാണ്. ചരിത്രമനുസരിച്ച് അത് നാല്പത്തഞ്ചു തലമുറകളായിരുന്നു, എന്നാൽ മത്തായിയുടെ ഉപദേശപരമായ ഉദ്ദേശ്യമനുസരിച്ച് അത് നാല്പത്തിരണ്ടു തലമുറകളായിരുന്നു. അബ്രാഹാം മുതൽ ദാവീദു വരെ പതിന്നാലു തലമുറകളും, ദാവീദു മുതൽ നാടുകടത്തൽവരെ മറ്റൊരു പതിന്നാലു തലമുറകളും, നാടുകടത്തൽ മുതൽ ക്രിസ്തു വരെ ഇനിയും മറ്റൊരു പതിന്നാലു തലമുറകളും ഉണ്ടെന്നു പറയുന്നതിൽ ഉപദേശപരമായ ഒരു ഉദ്ദേശ്യം മത്തായിക്ക് ഉണ്ടായിരിക്കണം. മത്തായി ഇതു പറഞ്ഞത് തെറ്റായിരുന്നില്ല. യോഗ്യത ഇല്ലാതിരുന്നതുനിമിത്തം മൂന്നു തലമുറകളെ വിട്ടുകളയുകയും, നാലാമത്തെ ഒരു തലമുറ അയോഗ്യമാക്കപ്പെടുകയും അതിനെ വെട്ടിക്കളയുകയും ചെയ്തു. എന്നാൽ ദാവീദ് രാജാവെന്ന മനോഹരനായ ഒരു വ്യക്തി ഉണ്ടായിരുന്നു, അവൻ ഇരട്ടി യോഗ്യത പ്രാപിച്ചു. ഒരു ഭാഗത്തെ അവസാനിപ്പിക്കുകയും മറ്റൊന്നിനെ തുടങ്ങുകയും ചെയ്തുകൊണ്ട് അവൻ രണ്ടു തലമുറകളായിത്തീർന്നു. അവൻ രാജത്വത്തെ കൊണ്ടുവന്നു, കാരണം അവനിലൂടെ രാജ്യം സ്ഥാപിതമായി. അതുകൊണ്ട്, ദാവീദിനെ രണ്ടു തലമുറകളായി എണ്ണുന്നതിലൂടെ ക്രിസ്തുവിന്റെ ഈ വംശാവലിയിൽ പതിന്നാലു തലമുറകൾ വീതമുള്ള മൂന്നു ഭാഗങ്ങളുള്ള നാല്പത്തിരണ്ടു തലമുറകളെ ഉൾപ്പെടുത്തുവാൻ കഴിയും.

## HH. "ക്രിസ്തു വരെ"

ഇനി നമുക്ക് "ക്രിസ്തു വരെ" എന്ന പദം ചിന്തിക്കാം (വാ. 17). യേശുവിനോടുകൂടെ ആരംഭിക്കുകയും ദൈവത്തിലേക്ക് തിരികെ ചുവടുപിടിച്ചുപോകുകയും ചെയ്യുന്ന ലൂക്കൊസിന്റെ രേഖ മൊത്തത്തിൽ എഴുപത്തിരണ്ടു തലമുറകളുള്ളതാണ്. മത്തായിയുടെ രേഖ അബ്രാഹാം മുതൽ ക്രിസ്തു വരെ മുന്നോട്ടുപോകുന്നു. ലൂക്കൊസ് പുറകിലേക്കും ദൈവം വരെയും

പോകുന്നു: മത്തായി മുമ്പിലേക്കും ക്രിസ്തു വരെ താഴേക്കും വരുന്നു. എല്ലാ തലമുറകളും ക്രിസ്തുവിനു നേരേ ലാക്കാക്കിയുള്ളതായിരുന്നു, ക്രിസ്തുവിനെ ഉളവാക്കുകയും ചെയ്തു. ക്രിസ്തുവിനെക്കൂടാതെ നാല്പത്തൊന്നു തലമുറകളേ ഉള്ളൂ: അവിടെ ലക്ഷ്യവും, പരിണതിയും, ഉപസംഹാരവും ഇല്ല. നാല്പത്തൊന്ന് ഒരു നല്ല സംഖ്യയല്ല: നമുക്ക് നാല്പത്തിരണ്ട് ഉണ്ടായിരിക്കണം. ക്രിസ്തുവാണ് അവരുടെ പ്രവചനങ്ങൾ നിറവേറ്റുകയും, അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും, അവരുടെ ആവശ്യങ്ങൾ സന്ധിക്കുകയും ചെയ്തുകൊണ്ട് സകല തലമുറകളുടെയും ലക്ഷ്യവും, പരിണതിയും, ഉപസംഹാരവും, തികവും. സകല പ്രവചനങ്ങളും—അബ്രാഹാമിന്റെയും, യിസ്ഹാക്കിന്റെയും, യാക്കോബിന്റെയും യെഹൂദായുടെയും, ദാവീദിന്റെയും പ്രവചനങ്ങൾ—നിറവേറ്റുവാൻ ക്രിസ്തു വന്നു. ക്രിസ്തുവിന്റെ വരവിനെക്കൂടാതെ ഈ എല്ലാ പ്രവചനങ്ങളും വ്യർഥമാകുമായിരുന്നു. ക്രിസ്തു വരുമ്പോൾ അവനോടുകൂടെ വെളിച്ചവും, ജീവനും, രക്ഷയും, സംതൃപ്തിയും, സൗഖ്യവും, സ്വാതന്ത്ര്യവും, വിശ്രമവും, ആശ്വാസവും, സമാധാനവും, സന്തോഷവുമെല്ലാം വരുന്നു. ഈ ഘട്ടം മുതൽ മുഴുവൻ പുതിയനിയമവും ഈ അത്ഭുതവാനായ ക്രിസ്തുവിന്റെ പൂർണ്ണ വിശദീകരണമാണ്. ഈ ക്രിസ്തു എങ്ങനെ സകല പ്രവചനങ്ങളും നിറവേറ്റുകയും, സകല പ്രശ്നങ്ങളും പരിഹരിക്കുകയും, നമ്മുടെ സകല ആവശ്യങ്ങളും സന്ധിക്കുകയും ചെയ്യുന്നുവെന്നും, എങ്ങനെ അവൻ നമുക്ക് എല്ലാമായിരിക്കുന്നുവെന്നും പുതിയനിയമത്തിലെ ഇരുപത്തേഴു പുസ്തകങ്ങൾ—സുവിശേഷങ്ങളും, പ്രവൃത്തികളും, ലേഖനങ്ങളും, വെളിപ്പാടും—നമ്മോടു പറയുന്നു. ഹല്ലേലൂയ്യാ, ക്രിസ്തു വന്നിരിക്കുന്നു!